سورة المرسلات

77. സൂറത്തുൽ മുർസലാത്ത്

മക്കഃയിൽ അവതരിച്ചത് – വചനങ്ങൾ 50 – വിഭാഗം (റുകൂഌ്) 2

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلۡمُرۡسَلَٰتِ عُرۡفٗا ﴿١﴾

《1》 പതിവായി [തുടർച്ചയായി] അയക്കപ്പെടുന്നവ തന്നെയാണ (സത്യം)!

فَٱلۡعَٰصِفَٰتِ عَصۡفٗا ﴿٢﴾

《2》 അങ്ങനെ, (ഊക്കോടെയുള്ള) ഒരു അടിച്ചുവീശൽ വീശുന്നവ തന്നെയാണ (സത്യം)!

وَٱلنَّٰشِرَٰتِ نَشۡرٗا ﴿٣﴾

《3》 പരത്തിവ്യാപിപ്പിക്കുന്നവയും തന്നെയാണ (സത്യം)!

فَٱلۡفَٰرِقَٰتِ فَرۡقٗا ﴿٤﴾

《4》 എന്നിട്ട് വേർതിരിച്ചു വിവേചനം ചെയ്യുന്നവ തന്നെയാണ (സത്യം)!

فَٱلۡمُلۡقِيَٰتِ ذِكۡرًا ﴿٥﴾

《5》 അങ്ങനെ, സന്ദേശം (അഥവാ ഉപദേശം) ഇട്ടുകൊടുക്കുന്നവയാണ (സത്യം)!-

عُذۡرًا أَوۡ نُذۡرًا ﴿٦﴾

《6》 അതായത്, ഒഴികഴിവ്, അല്ലെങ്കിൽ മുന്നറിയിപ്പ് (ഇട്ടുകൊടുക്കുന്നവ)

إِنَّمَا تُوعَدُونَ لَوَٰقِعٞ ﴿٧﴾

《7》 നിശ്ചയമായും നിങ്ങളോട് വാഗ്ദത്തം (അഥവാ താക്കീത്) ചെയ്യപ്പെടുന്നത് സംഭവിക്കുന്നതുതന്നെയാകുന്നു.

﴾1﴿ وَٱلْمُرْسَلَٰتِ അയക്കപ്പെട്ടവ (വിട്ടയക്കപ്പെട്ടവ) തന്നെയാണ് عُرْفًا പതിവാ
യി, തുടർച്ചയായി, നന്മയായി ﴾2﴿ فَٱلْعَٰصِفَٰتِ എന്നിട്ട് (അങ്ങനെ) അടിച്ചുവീശുന്ന
വയാണ് عَصْفًا ഒരു അടിച്ചുവീശൽ (ഊക്കോടെ) ﴾3﴿ وَٱلنَّٰشِرَٰتِ പരത്തുന്ന (വ്യാ
പിപ്പിക്കുന്ന- വിതരണം ചെയ്യുന്ന)വയും തന്നെയാണ് نَشْرًا ഒരു പരത്തൽ, വ്യാപി
പ്പിക്കൽ ﴾4﴿ فَٱلْفَٰرِقَٰتِ എന്നിട്ട് (അങ്ങനെ) വിവേചനം (വ്യത്യാസം) ചെയ്യുന്നവ
തന്നെയാണ് فَرْقًا ഒരു വിവേചനം, വ്യത്യാസം ﴾5﴿ فَٱلْمُلْقِيَٰتِ എന്നിട്ട് (അങ്ങനെ)
ഇട്ടുകൊടുക്കുന്നവ തന്നെയാണ് ذِكْرًا സന്ദേശം, ഉപദേശം, സ്മരണ, പ്രസ്താ
വന ﴾6﴿ عُذْرًا അതായത് ഒഴികഴിവ്, ഒഴികഴിവിനായി أَوْ نُذْرًا അല്ലെങ്കിൽ മുന്നറി
യിപ്പ്, താക്കീതിനായി ﴾7﴿ إِنَّمَا تُوعَدُونَ നിശ്ചയമായും നിങ്ങൾ താക്കീത് (വാഗ്ദ
ത്തം) ചെയ്യപ്പെടുന്നത് لَوَٰقِعٌ സംഭവിക്കുന്ന (ഉണ്ടാകുന്ന)തുതന്നെ

സൂഃ സ്വാഫ്ഫാത്ത്, സൂറ: ദാരിയാത്ത് എന്നിവയിൽ കണ്ടതുപോലെയുള്ള ചില സത്യവാചകങ്ങളാണ് ആദ്യത്തെ അഞ്ച് വചനങ്ങളിൽ കാണുന്നത്. ഓരോന്നിലും പറയപ്പെട്ടിട്ടുള്ള വിശേഷണങ്ങളാൽ വിശേഷിപ്പിക്കപ്പെട്ട വസ്തു- അഥവാ അവകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്- ഏതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. അതിനാൽ ഇവിടെ വ്യാഖ്യാതാക്കൾക്ക് പല വ്യത്യസ്താഭിപ്രായങ്ങളും കാണാം.

(1) അഞ്ച് വചനങ്ങളിലും മലക്കുകളാണ് ഉദ്ദേശ്യമെന്നും

(2) എല്ലാം കാറ്റിനെ ഉദ്ദേശിച്ചാണെന്നും

(3) എല്ലാം നബിമാരെ ഉദ്ദേശിച്ചാണെന്നും

(4) എല്ലാം കുർആൻ വചനങ്ങളെ ഉദ്ദേശിച്ചാണെന്നും

(5) മലക്കുകൾ, പ്രവാചകൻമാർ, സദ്വൃത്തരായ പണ്ഡിതൻമാർ മുതലായവരെ ഉദ്ദേശിച്ചാണെന്നും

(6) ആദ്യത്തെ മൂന്ന് വചനങ്ങളും കാറ്റിനെ ഉദ്ദേശിച്ചും, പിന്നീടുള്ള രണ്ടും മലക്കുകളെ ഉദ്ദേശിച്ചുമാണെന്നും

(7) അവസാനത്തേത്മാത്രം മലക്കുകളെ ഉദ്ദേശിച്ചും, ബാക്കി കാറ്റിനെയോ മറ്റോ ഉദ്ദേശിച്ചുമാണെന്നും അഭിപ്രായങ്ങൾ കാണാം. അല്ലാഹു പ്രസ്താവിച്ച വാക്കുകളുടെ അർത്ഥവ്യാപ്തിയിൽ ഉൾപ്പെടുന്ന തരത്തിൽ ഓരോ അഭിപ്രായക്കാരും അവരുടെ അഭിപ്രായത്തിന് വിശദീകരണവും നൽകിയിരിക്കുന്നു.

എന്നാൽ, മുൻഗാമികളായ മിക്ക മഹാൻമാരും സ്വീകരിച്ചുവരുന്നതും, സ്വഹാബികളിൽനിന്നും താബിഉകളിൽനിന്നും പ്രമാണിക്കപ്പെടുന്നതും ഇവയിൽ രണ്ട് അഭിപ്രായങ്ങളാകുന്നു. അതായത് എല്ലാറ്റിലും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് മലക്കുകളാണെന്നും, ആദ്യത്തെ മൂന്നിലും കാറ്റും, ഒടുവിലത്തെ രണ്ടിലും മലക്കുകളുമാണെന്നും, ഈ രണ്ട് അഭിപ്രായങ്ങളിൽ രണ്ടാമത്തേതാണ് കൂടുതൽ സ്വീകാര്യമായിത്തോന്നുന്നത്. കാരണം ഇബ്നുകഥീർ (റ) മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ- ആദ്യത്തെ മൂന്ന് വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട ഗുണങ്ങൾ കാറ്റിന്റെ ഗുണങ്ങളായി വേറെ ഖുർആൻ വാക്യങ്ങളിൽ പ്രസ്താവിക്കപ്പെട്ടു കാണാം. അവസാനത്തെ വചനങ്ങളിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് മലക്കുകളാണെന്ന് ഇബ്നുമസ്ഊദ്, ഇബ്നുഅബ്ബാസ്, മസ്റൂഖ്, മുജാഹിദ്, ഖത്താദഃ, റബീഉ്, സുദ്ദീ, ഥൗരീ (رضي الله عنهم) എന്നിവരിൽനിന്ന് രിവായത്തുകൾ വന്നിട്ടുമുണ്ട്. മാത്രമല്ല, 5 ഉം 6 ഉം വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ട വിശേഷത കാറ്റിന്റെതായി വ്യാഖ്യാനിക്കുവാൻ കുറച്ച് സാഹസപ്പെടേണ്ടതുമുണ്ട്. الله أعلم

അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന മഴയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്ന വിധത്തിൽ അവൻ കാറ്റിനെ അയക്കുന്നു; അങ്ങനെ, അവ കനത്ത മേഘങ്ങളെ വഹിച്ചുകൊണ്ടുപോകുന്നു; എന്നിട്ട് നിർജീവമായിക്കിടക്കുന്ന നാട്ടിനു മഴ നനക്കുന്നു; അതുമൂലം എല്ലാ ഫലവർഗങ്ങളും ഉൽപാദിപ്പിക്കുന്നു എന്നൊക്കെ സൂറ: അഅ്റാഫ്, 57 ൽ കാണാം. ഏതാണ്ട് ഇതേ പ്രകാരത്തിലുള്ള വിശേഷണങ്ങൾ കാറ്റിനെക്കുറിച്ച് വേറെ സ്ഥലങ്ങളിലും പറഞ്ഞു കാണാവുന്നതാണ്. ഏറെക്കുറെ ഈ ആശയം തന്നെയാണ് ഇവിടെയും കാറ്റുകളെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. 4 ഉം 5 ഉം വചനങ്ങളുടെ സാരം ഇപ്രകാരം പറയാം: സത്യാസത്യങ്ങൾക്കും, ന്യായാന്യായങ്ങൾക്കുമിടയിൽ വിവേചനം എത്തിച്ചുകൊടുക്കുന്ന മലക്കുകളെകൊണ്ട് അവയിൽ അല്ലാഹു സത്യം ചെയ്തിരിക്കുന്നു. കാറ്റിന്റെയും, മലക്കുകളുടെയും പേരിൽ ശപഥം ചെയ്തതിൽ അന്തർഭവിച്ച ഒരു തത്വം ഇതാണ്: കാറ്റുകൾ മനുഷ്യന്റെ ഐഹികവും, ശാരീരികവുമായ ജീവിതത്തിനും അഭിവൃദ്ധിക്കും ആവശ്യമാകുന്നു. എന്നാൽ കാറ്റിന്റെ പ്രവർത്തനവും ചലനങ്ങളും മനുഷ്യന് കാൺമാൻ കഴിയാത്തതാണ്. അതുപോലെ, മനുഷ്യന്റെ പാരത്രികവും, ആത്മീയവുമായ ജീവിതത്തിനും അഭിവൃദ്ധിക്കും ആവശ്യമായ ഒരു മഴ- ദൈവിക സന്ദേശങ്ങളാകുന്നു മഴ-യും, അതുകൊണ്ടുവരുന്ന അദൃശ്യ സൃഷ്ടികളായ മലക്കുകളും നിലവിലുണ്ട്. ഇവ രണ്ടും അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പെട്ടതാണ്താനും.

വഹ്യിന്റെ വാഹകനായ മലക്ക് ജിബ്രീൽ (അ) ആണെന്നിരിക്കെ, ഇവിടെ മലക്കുകളെപ്പറ്റി ബഹുവചനരൂപത്തിൽ പ്രസ്താവിച്ചതുകൊണ്ട് ആശയക്കുഴപ്പത്തിനവകാശമില്ല. അല്ലാഹുവിന്റെ സന്ദേശങ്ങൾ ഭൂമിയിലേക്ക് എത്തിക്കുന്നതിൽ വേറെ മലക്കുകൾക്കും പങ്കുണ്ടെന്ന് ഖുർആനിൽനിന്നുതന്നെ വ്യക്തമായിട്ടുള്ളതാകുന്നു. പല മഹാൻമാരും പറയുന്നതുപോലെ, ജിബ്രീൽ (അ) അവരുടെ

യെല്ലാം തലവനായിരിക്കാം. ഇബ്റാഹീം നബി (അ)ക്ക് സന്തോഷവാർത്തയും, ലൂത്വ് നബി (അ)യുടെ ജനതക്ക് ശിക്ഷവരാൻപോകുന്നുവെന്ന മുന്നറിയിപ്പും കൊണ്ടുവന്ന മലക്കുകൾ ഒന്നിലധികം പേരുണ്ടായിരുന്നുവല്ലോ. വഹ്‌യിന്റെ സംരക്ഷണാർത്ഥം മുമ്പിലും പിമ്പിലും അല്ലാഹു രക്ഷാസേനയെ അയക്കുമെന്ന് സൂഃ ജിന്നിലും വന്നിരിക്കുന്നു.

ദൈവിക സന്ദേശങ്ങളിൽ ശിക്ഷകളെക്കുറിച്ചുള്ള താക്കീതുകളും മുന്നറിയിപ്പുകളും അടങ്ങിയിരിക്കുമല്ലോ. അതുപോലെത്തന്നെ, പരലോകത്തുവെച്ച് തങ്ങൾ കുറ്റക്കാരല്ലെന്നും, തങ്ങൾക്ക് നേർമാർഗം എന്താണെന്ന് അറിവ് കിട്ടിയിരുന്നില്ലെന്നും വാദിക്കുവാനുള്ള അവസരം അതുമൂലം അവിശ്വാസികൾക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടാണ് അവയെപ്പറ്റി عذرا أو نذرا (ഒഴികഴിവ് അല്ലെങ്കിൽ താക്കീത്) എന്ന് പറഞ്ഞിരിക്കുന്നത്.

എനി, അഞ്ച് സത്യവാചകങ്ങളിലും മലക്കുകളാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്നുവെക്കുമ്പോൾ ആദ്യത്തെ മൂന്ന് വചനങ്ങളുടെ സാരം. ദൈവിക സന്ദേശങ്ങളുമായി തുടരെത്തുടരെ അയക്കപ്പെടുകയും, ഉടനെ അതിവേഗം ആ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന മലക്കുകളെക്കൊണ്ട് സത്യം ചെയ്യുന്നു എന്നായിരിക്കും. ഏതായാലും ഈ മഹത്തായ -അർത്ഥഗർഭമായ- സത്യവാചകങ്ങളെക്കൊണ്ട് സത്യംചെയ്തു അല്ലാഹു ഉറപ്പിച്ചു പറയുന്ന വിഷയം എന്താണ്? അതത്രെ, ഏഴാം വചനത്തിൽ കാണുന്നത്. അതെ,إنما توعدون لواقع (നിശ്ചയമായും നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം സംഭവിക്കുന്നതുതന്നെ) എന്ന്! പരലോകം, പുനർജീവിതം, അന്ത്യനാൾ രക്ഷാശിക്ഷകൾ ആദിയായവ സംഭവിക്കുവാനിരിക്കുന്നുവെന്ന ഉറപ്പായ വിശ്വാസമാണല്ലോ എല്ലാ നന്മയുടെയും അടിത്തറ. അടുത്ത വചനങ്ങളിൽ ആ ദിവസം സംഭവിക്കുമ്പോഴുണ്ടാകുന്ന ഗൗരവമേറിയ ചില പ്രത്യാഘാതങ്ങളെക്കുറിച്ച് പറയുന്നു:-

فَإِذَا ٱلنُّجُومُ طُمِسَتْ ﴿٨﴾

《8》 എന്നാൽ, നക്ഷത്രങ്ങൾ (വെളിച്ചം) തുടച്ചുമായിക്കപ്പെട്ടാൽ!-

وَإِذَا ٱلسَّمَآءُ فُرِجَتْ ﴿٩﴾

《9》 ആകാശം (തുറന്ന്) വിടർത്തപ്പെടുകയും ചെയ്താൽ!-

وَإِذَا ٱلْجِبَالُ نُسِفَتْ ﴿١٠﴾

《10》 മലകൾ (ധൂളിയായി) പൊടിക്കപ്പെടുകയും ചെയ്താൽ!-

وَإِذَا ٱلرُّسُلُ أُقِّتَتْ ﴿١١﴾

《11》 റസൂലുകൾക്ക് സമയം നിശ്ചയിക്കപ്പെടുകയും ചെയ്താൽ!-

لِأَىِّ يَوْمٍ أُجِّلَتْ ﴿١٢﴾

《12》 ഏതൊരു ദിവസത്തേക്കാണ് അവർക്ക് അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്?!

لِيَوْمِ ٱلْفَصْلِ ﴿١٣﴾

《13》 (അതെ) തീരുമാനത്തിന്റെ ദിവസത്തേക്ക് (തന്നെ)!

وَمَآ أَدْرَىٰكَ مَا يَوْمُ ٱلْفَصْلِ ﴿١٤﴾

《14》 തീരുമാനത്തിന്റെ ദിവസം എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?!

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿١٥﴾

《15》 അന്നത്തെ ദിവസം (മഹാ) നാശം; വ്യാജമാക്കുന്നവർക്കായിരിക്കും.

《8》 فَإِذَا ٱلنُّجُومُ എന്നാൽ നക്ഷത്രങ്ങൾ ആകുമ്പോൾ (ആയാൽ) طُمِسَتْ അവ തുടച്ച് മായിക്ക (നീക്ക)പ്പെടുക 《9》 وَإِذَا ٱلسَّمَآءُ ആകാശം ആയാലും (ആകുമ്പോഴും) فُرِجَتْ അത് വിടർത്ത (തുറവിയാക്ക)പ്പെടുക 《10》 وَإِذَا ٱلْجِبَالُ മലകൾ ആകുമ്പോഴും (ആയാലും) نُسِفَتْ അത് പൊടിക്കപ്പെടുക, പാറ്റപ്പെടുക 《11》 وَإِذَا ٱلرُّسُلُ റസൂലുകൾ ആകുകയും ചെയ്താൽ أُقِّتَتْ അവർക്ക് സമയം നിശ്ചയിക്കപ്പെടുക 《12》 لِأَىِّ يَوْمٍ ഏതൊരുദിവസത്തേക്കാണ് أُجِّلَتْ അവക്ക് (അവർക്ക്) അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത് 《13》 لِيَوْمِ ദിവസത്തേക്ക്, ദിവസത്തിൽ ٱلْفَصْلِ തീരുമാനത്തിന്റെ, പിരിച്ചുവിടലിന്റെ 《14》 وَمَآ أَدْرَىٰكَ നിനക്ക് അറിവ് നൽകിയതെന്താണ് (നിനക്ക് എന്തറിയാം) مَا يَوْمُ ദിവസമെന്താണെന്ന് ٱلْفَصْلِ തീരുമാനത്തിന്റെ 《15》 وَيْلٌ (മഹാ) നാശം, കഷ്ടം يَوْمَئِذٍ അന്നത്തെ ദിവസം لِّلْمُكَذِّبِينَ വ്യാജമാക്കുന്നവർക്കാണ്

അന്ത്യനാളിലെ ഗൗരവമേറിയ ചില സംഭവവികാസങ്ങളാണ് ചൂണ്ടിക്കാട്ടുന്നത്. ആകാശം, ഭൂമി, പർവ്വതങ്ങൾ, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ആദിയായവയെല്ലാം അന്ന് നിലതെറ്റി അവതാളത്തിലാകുന്നതാണെന്ന് ക്വുർആനിൽ പലപ്പോഴും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. താഴെവരുന്ന മക്കീസൂറത്തുകളിൽ ഇതുപോലെ വേറെയും പല സംഭവവികാസങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. കിയാമത്തുനാളിൽ റസൂലുകളെ അല്ലാഹു ഒരുമിച്ചുകൂട്ടി അവരുടെ സമുദായങ്ങൾ അവരുടെ പ്രബോധനം സ്വീകരിച്ചതിനെപ്പറ്റി അവരോട് ചോദിക്കുമെന്നും (5 : 112) സമുദായങ്ങളുടെമേൽ സാക്ഷികളായി നബിമാരെകൊണ്ടുവരുമെന്നും (4 : 41) അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഇങ്ങനെ ഓരോ റസൂലിന്റെയും അവരുടെ സമുദായത്തിന്റെയും കാര്യങ്ങൾ തീരുമാനം ചെയ്യുന്നതിലുള്ള അവധി നിർണയത്തെക്കുറിച്ചാണ് 11 -ാം വചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. 12 -ാം വചനത്തിൽ ആ മഹാദിനത്തിന്റെ അതിഭയങ്കരത ഒരു ചോദ്യരൂപത്തിൽ ഓർമിപ്പിച്ചുകൊണ്ട് മേൽപറഞ്ഞ കാര്യങ്ങളെല്ലാം സംഭവിക്കുവാനിരിക്കുന്ന ദിവസമാണ് സാക്ഷാൽ തീരുമാനത്തിന്റെ അവധി എന്നും, അന്ന് സത്യനിഷേധിക

ള്‍ക്ക് വമ്പിച്ച നാശത്തിന്റെ ദിവസമായിരിക്കുമെന്നും തുടർന്നുള്ള മൂന്നുവചനങ്ങളിൽ പ്രസ്താവിക്കുന്നു. അന്നത്തെദിവസം സത്യനിഷേധികളുടെ വമ്പിച്ച നാശത്തെപ്പറ്റി ഈ അദ്ധ്യായത്തിൽ അല്ലാഹു പത്തുവട്ടം ആവർത്തിച്ചു താക്കീത് നൽകിയിരിക്കുന്നത് കാണാം.

أَلَمْ نُهْلِكِ ٱلْأَوَّلِينَ ﴿١٦﴾

﴾16﴿ പൂർവ്വികൻമാരെ നാം നശിപ്പിച്ചു കളഞ്ഞില്ലേ?!

ثُمَّ نُتْبِعُهُمُ ٱلْءَاخِرِينَ ﴿١٧﴾

﴾17﴿ പിറകെ, അവസാനമുള്ളവരെ നാം അവരോട് തുടർത്തുന്നതാണ്.

كَذَٰلِكَ نَفْعَلُ بِٱلْمُجْرِمِينَ ﴿١٨﴾

﴾18﴿ അപ്രകാരമത്രെ, നാം കുറ്റവാളികളെക്കൊണ്ട് ചെയ്യുക.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿١٩﴾

﴾19﴿ അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കായിരിക്കും.

أَلَمْ نَخْلُقكُّم مِّن مَّآءٍ مَّهِينٍ ﴿٢٠﴾

﴾20﴿ നിസ്സാരപ്പെട്ട ഒരു ജലത്തിൽ നിന്ന് നിങ്ങളെ നാം സൃഷ്ടിച്ചില്ലേ?!

فَجَعَلْنَٰهُ فِى قَرَارٍ مَّكِينٍ ﴿٢١﴾

﴾21﴿ എന്നിട്ട് അതിനെ ഭദ്രമായ ഒരു താവളത്തിൽ നാം ആക്കി(വെച്ചു);

إِلَىٰ قَدَرٍ مَّعْلُومٍ ﴿٢٢﴾

﴾22﴿ -നിശ്ചിതമായ ഒരു (കാല) അളവുവരെ.

فَقَدَرْنَا فَنِعْمَ ٱلْقَٰدِرُونَ ﴿٢٣﴾

﴾23﴿ അങ്ങനെ, നാം (എല്ലാം) കണക്കാക്കി (നിർണയിച്ചു.) അപ്പോൾ, (നാം) എത്രയോ നല്ല കഴിവുള്ളവരത്രെ.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٤﴾

﴾24﴿ അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കായിരിക്കും.

﴾16﴿ أَلَمْ نُهْلِكِ നാം നശിപ്പിച്ചിട്ടില്ലേ ٱلْأَوَّلِينَ ആദ്യത്തെവരെ, പൂർവ്വികൻമാരെ ﴾17﴿ ثُمَّ പിന്നെ, പിറകെ نُتْبِعُهُمُ അവരോട് നാം തുടർത്തും, അനുഗമിപ്പിക്കും ٱلْءَاخِرِينَ അവസാനത്തെവരെ, പിന്നീടുള്ളവരെ ﴾18﴿ كَذَٰلِكَ അപ്രകാരം نَفْعَلُ നാം ചെയ്യും بِٱلْمُجْرِمِينَ കുറ്റവാളികളെക്കൊണ്ട് ﴾19﴿ (വചനം 15 പോലെ) ﴾20﴿

أَلَمْ نَخْلُقكُّم നിങ്ങളെ നാം സൃഷ്ടിച്ചിട്ടില്ലേ مِّن مَّآءٍ ഒരു ജലത്തിൽനിന്ന് مَّهِينٍ നിന്ദ്യ
മായ, നിസ്സാരപ്പെട്ട ﴿21﴾ فَجَعَلْنَٰهُ എന്നിട്ടതിനെ നാം ആക്കി فِى قَرَارٍ ഒരു താവള
ത്തിൽ, പതിയിൽ, വനത്തിൽ مَّكِينٍ ഭദ്രമായ, സൗകര്യപ്രദമായ ﴿22﴾ إِلَىٰ قَدَرٍ
ഒരു കണക്ക് (തോത്- നിർണയം) വരെ مَّعْلُومٍ അറിയപ്പെട്ട (നിശ്ചിതമായ) ﴿23﴾
فَقَدَرْنَا എന്നിട്ട് നാം കണക്കാക്കി, നിർണയപ്പെടുത്തി, നമുക്ക് സാധ്യമായി فَنِعْمَ
അപ്പോൾ വളരെ (എത്രയോ) നല്ലത് ٱلْقَٰدِرُونَ കഴിവുള്ളവർ, കണക്കാക്കുന്നവർ
﴿24﴾ [15 പോലെ]

കേവലം അറപ്പും, ചെടിപ്പും തോന്നുന്ന ഇന്ദ്രിയജലത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചുണ്ടാക്കിയതും, കുറേകാലത്തോളം ആ ബീജം മാതാവിന്റെ ഗർഭാശയത്തിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചതും, അവിടെവെച്ച് അവന്റെ ആകൃതിയും പ്രകൃതിയുമെല്ലാം നിർണയിച്ചു സൃഷ്ടിരൂപം പൂർത്തിയാക്കിയതും അനുസ്മരിപ്പിച്ചുകൊണ്ട് അവന്റെ പുനർജീവിതത്തിന്റെ സാധ്യത ഓർമിപ്പിക്കുകയാണ്. قدر (ക്വദറ) എന്ന വാക്കിന് 'നിർണയിച്ചു, കണക്കാക്കി' എന്നൊക്കെ അർത്ഥം വരുന്നതുപോലെ, 'കഴിവുണ്ടാക്കി, സാധ്യമായി' എന്നിങ്ങനെയും അർത്ഥമുണ്ട്. മനുഷ്യന്റെ ആകൃതിയും പ്രകൃതിയും അവന് നൽകുവാൻ നമുക്ക് കഴിവുണ്ടായി എന്നും, നാം വളരെ നല്ല കഴിവുകളുള്ളവനാണ് എന്നും താൽപര്യം.

أَلَمْ نَجْعَلِ ٱلْأَرْضَ كِفَاتًا ﴿٢٥﴾

﴿25﴾ ഭൂമിയെ നാം ഉൾക്കൊള്ളുന്നതാക്കിയില്ലേ,-

أَحْيَآءً وَأَمْوَٰتًا ﴿٢٦﴾

﴿26﴾ ജീവനുള്ളവരെയും, മരണപ്പെട്ടവരെയും?!

وَجَعَلْنَا فِيهَا رَوَٰسِىَ شَٰمِخَٰتٍ وَأَسْقَيْنَٰكُم مَّآءً فُرَاتًا ﴿٢٧﴾

﴿27﴾ ഉന്നതങ്ങളായി ഉറച്ചു നിൽക്കുന്ന പർവ്വതങ്ങളെ നാം അതിൽ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സ്വച്ഛമായ ജലം നിങ്ങൾക്ക് നാം കുടിക്കുവാൻ തരുകയും ചെയ്തിരിക്കുന്നു.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٨﴾

﴿28﴾ അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാണ്.

﴿25﴾ أَلَمْ نَجْعَلِ നാം ആക്കിയില്ലേ ٱلْأَرْضَ ഭൂമിയെ كِفَاتًا ഉൾക്കൊള്ളുന്നത്, ഒരു
മിച്ചുകൂട്ടുന്നത് ﴿26﴾ أَحْيَآءً ജീവനുള്ളവരെ وَأَمْوَٰتًا മരണപ്പെട്ട (നിർജീവമായ)വ
രെയും ﴿27﴾ وَجَعَلْنَا فِيهَا നാമതിൽ ആക്കു(ഏർപ്പെടുത്തു)കയും ചെയ്തു رَوَٰسِىَ
ഉറച്ചുനിൽക്കുന്ന മലകളെ شَٰمِخَٰتٍ പൊന്തിനിൽക്കുന്ന, ഉന്നതങ്ങളായ وَأَسْقَيْنَٰكُم

നിങ്ങൾക്ക് നാം കുടിക്കാൻ തരുകയും ചെയ്തു مَآءً فُرَاتًا സ്വച്ഛമായ (ശുദ്ധ)ജലം 《28》 [15 ന്റെ അർത്ഥംപോലെ]

അല്ലാഹുവിന്റെ ചില അനുഗ്രഹങ്ങളെയും, ദൃഷ്ടാന്തങ്ങളെയും എടുത്തു കാട്ടുകയാണ്. ഇത്തരം കാര്യങ്ങളെപ്പറ്റി ഉറ്റാലോചിക്കുന്നവർക്ക് അല്ലാഹുവിന്റെ അപാരമായ കഴിവിനെക്കുറിച്ചും, മരണാനന്തര ജീവിതത്തെക്കുറിച്ചും സംശയമുണ്ടാകുവാൻ അവകാശമുണ്ടായിരിക്കയില്ല എന്ന് താൽപര്യം. ജീവിച്ചിരിക്കുന്നവർക്ക് ഭൂമുഖത്ത് ജീവിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നതുപോലെ, മരണപ്പെട്ടവരെ ഭൂമിക്കുള്ളിൽ അടക്കം ചെയ്യാനുള്ള സൗകര്യവും അല്ലാഹു ഏർപ്പെടുത്തിയിരിക്കുന്നുവല്ലോ. ഇതിനെപ്പറ്റിയാണ് 25 - 26 ൽ പ്രസ്താവിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള യാഥാർത്ഥ്യങ്ങളെ അവഗണിച്ചു നിഷേധിക്കുന്നവരെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

ٱنطَلِقُوٓا۟ إِلَىٰ مَا كُنتُم بِهِۦ تُكَذِّبُونَ ﴿٢٩﴾

《29》 '(ഹേ, വ്യാജമാക്കുന്നവരേ) നിങ്ങൾ യാതൊന്നിനെ വ്യാജമാക്കിക്കൊണ്ടിരുന്നുവോ അതിലേക്ക് നിങ്ങൾ പോയിക്കൊള്ളുവിൻ!

ٱنطَلِقُوٓا۟ إِلَىٰ ظِلٍّ ذِى ثَلَـٰثِ شُعَبٍ ﴿٣٠﴾

《30》 അതായത്, മൂന്ന് ശാഖകളുള്ളതായ ഒരു (തരം) തണലിലേക്ക് പോയിക്കൊള്ളുവിൻ!-

لَّا ظَلِيلٍ وَلَا يُغْنِى مِنَ ٱللَّهَبِ ﴿٣١﴾

《31》 (അത് ചൂടിൽനിന്ന്) നിഴൽ നൽകുന്നതല്ല; (അഗ്നി) ജ്വാലയിൽ നിന്ന് അത് തടുക്കുകയുമില്ല.

إِنَّهَا تَرْمِى بِشَرَرٍ كَٱلْقَصْرِ ﴿٣٢﴾

《32》 നിശ്ചയമായും അത്, [നരകം] വൻകെട്ടിടം പോലെയുള്ള തീപ്പൊരി വീശുന്നതാണ്.

كَأَنَّهُۥ جِمَـٰلَتٌ صُفْرٌ ﴿٣٣﴾

《33》 അത് [തീപ്പൊരി] മഞ്ഞവർണമായ ഒട്ടകക്കൂട്ടമെന്നോണമിരിക്കും!

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٣٤﴾

《34》 അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാണ്.

《29》 ٱنطَلِقُوٓا۟ നിങ്ങൾ പോയിക്കൊള്ളുവിൻ إِلَىٰ مَا യാതൊന്നിലേക്ക് كُنتُم بِهِۦ അതിനെ നിങ്ങളായിരുന്നു تُكَذِّبُونَ വ്യാജമാക്കും 《30》 ٱنطَلِقُوٓا۟ നിങ്ങൾ പോയി

ക്കൊള്ളുക إِلَىٰ ظِلٍّ ഒരു തണലി (നിഴലി)ലേക്ക് ذِى ثَلَٰثِ മൂന്നുള്ളതായ شُعَبٍ ശാഖകൾ, പിരിവുകൾ ﴾31﴿ لَّا ظَلِيلٍ തണൽ (നിഴൽ) നൽകുന്നതല്ല وَلَا يُغْنِى അത് പര്യാപ്തമാക്കയുമില്ല (തടുക്കയുമില്ല) مِنَ ٱللَّهَبِ ജ്വാലയിൽനിന്ന് ﴾32﴿ إِنَّهَا നിശ്ച യമായും അത് (നരകം) تَرْمِى എറിയും, (വീശും) بِشَرَرٍ തീപ്പൊരിയെ كَٱلْقَصْرِ മണി മാളിക (വൻകെട്ടിടം- കോട്ട) പോലുള്ള ﴾33﴿ كَأَنَّهُ അതാണെന്നപോലെ جِمَٰلَتٌ ഒട്ടകങ്ങൾ, ഒട്ടകക്കൂട്ടം صُفْرٌ മഞ്ഞനിറമുള്ള ﴾34﴿ [15 നോക്കുക]

നിങ്ങൾ പരലോക ജീവിതത്തെയും നരകശിക്ഷയെയും വ്യാജമാക്കിത്തള്ളിയിരുന്നുവല്ലോ. ആ ശിക്ഷ ഇതാ ഇപ്പോൾ യഥാർത്ഥമായിത്തീർന്നിരിക്കുന്നു. അതാ, ആ മൂന്ന് ശാഖകളായി പിരിഞ്ഞുയരുന്ന വമ്പിച്ച കരിമ്പുകയുടെ തണലാണ് നിങ്ങൾക്ക് ഇനി ആധാരം. അതിലേക്ക് പോയിക്കൊള്ളുക. പക്ഷേ അത് സാധാരണ തണലുപോലെ, ചൂടിൽ നിന്ന് തണുപ്പ് നൽകുന്നതോ, നരകാഗ്നിയിൽനിന്നുയരുന്ന തീപ്പൊരികൾക്ക് തടവായിരിക്കുന്നതോ അല്ല. നരകമാകട്ടെ, വൻകെട്ടിടങ്ങൾപോലെയുള്ള വമ്പിച്ച തീപ്പൊരികൾ പറപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അവയുടെ ആധിക്യവും, വലുപ്പവും വർണവും നോക്കുമ്പോൾ മഞ്ഞ വർണത്തിലുള്ള ഒട്ടകക്കൂട്ടങ്ങൾ ചിന്നിച്ചിതറുകയാണെന്ന് തോന്നും. അത്രയും വൻതോതിലായിരിക്കും ആ തീപ്പൊരികൾ എന്ന് സാരം. ഈ കരിമ്പുകയെപ്പറ്റി തണൽ (ظل) എന്ന് പറഞ്ഞത് കേവലം പരിഹാസ രൂപത്തിലാണെന്ന് വ്യക്തമാണ്. സൂ: വാക്വിഅഃ 43 - 44 ലും, അൽകഹ്ഫ് 29 ലും വായിച്ചത് ഓർക്കുക.

هَٰذَا يَوْمُ لَا يَنطِقُونَ ﴿٣٥﴾

﴾35﴿ അവർ മിണ്ടാത്തതായ ദിവസമത്രെ ഇത്.

وَلَا يُؤْذَنُ لَهُمْ فَيَعْتَذِرُونَ ﴿٣٦﴾

﴾36﴿ (ഒഴികഴിവ് പറയുവാൻ) അവർക്ക് അനുവാദം നൽകപ്പെടുകയുമില്ല, എന്നാലവർക്ക് ഒഴികഴിവ് പറയാമായിരുന്നു.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٣٧﴾

﴾37﴿ അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാകുന്നു.

﴾35﴿ هَٰذَا يَوْمُ ഇത് ഒരു ദിവസമത്രെ لَا يَنطِقُونَ അവർ മിണ്ടാത്ത, സംസാരിക്കാത്ത ﴾36﴿ وَلَا يُؤْذَنُ അനുവാദം നൽകപ്പെടുകയുമില്ല لَهُمْ അവർക്ക് فَيَعْتَذِرُونَ എന്നാലവർക്ക് ഒഴികഴിവ് പറയാമായിരുന്നു, അങ്ങനെ ഒഴികഴിവ് പറയുകയും (ഇല്ല) ﴾37﴿ [15 നോക്കുക]

സ്ഥിതിഗതികളുടെ ഗൗരവം നിമിത്തം അന്ന് അവർക്ക് സംസാരിക്കുവാൻപോലും കഴിയുന്നതല്ല. വല്ല ഒഴികഴിവുകളും പറഞ്ഞുനോക്കുവാനാണെങ്കിൽ, അതിന് അനുവാദവും ലഭിക്കുകയില്ല.

هَٰذَا يَوْمُ ٱلْفَصْلِ ۖ جَمَعْنَٰكُمْ وَٱلْأَوَّلِينَ ﴿٣٨﴾

《38》 '(ഹേ, വ്യാജമാക്കുന്നവരേ) തീരുമാനത്തിന്റെ ദിവസമാണിത്. നിങ്ങളെയും പൂർവികൻമാരെയും നാം (ഇവിടെ) ഒരുമിച്ചു കൂട്ടിയിരിക്കുന്നു.'

فَإِن كَانَ لَكُمْ كَيْدٌ فَكِيدُونِ ﴿٣٩﴾

《39》 എനി, വല്ല ഉപായതന്ത്രവും നിങ്ങൾക്ക് ഉണ്ടെങ്കിൽ എന്നോട് നിങ്ങൾ (അത്) പ്രയോഗിച്ചുകൊള്ളുവിൻ! [എന്നാലതൊന്ന് കാണാമല്ലോ!]

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٠﴾

《40》അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവർക്കാകുന്നു.

《38》 هَٰذَا ഇത്, ഇതത്രെ يَوْمُ ٱلْفَصْلِ തീരുമാനത്തിന്റെ ദിവസം جَمَعْنَٰكُمْ നാം നിങ്ങളെ ഒരുമിച്ചു കൂട്ടിയിരിക്കുന്നു وَٱلْأَوَّلِينَ ആദ്യത്തെവരെയും, പൂർവ്വികൻമാരെയും 《39》 فَإِن كَانَ എനി ഉണ്ടെങ്കിൽ, എന്നാൽ ഉണ്ടായിരുന്നാൽ لَكُمْ നിങ്ങൾക്ക് كَيْدٌ വല്ല ഉപായവും, തന്ത്രവും فَكِيدُونِ എന്നാൽ നിങ്ങൾ എന്നോട് തന്ത്രം പ്രയോഗിച്ചുകൊള്ളുവിൻ 《40》 [15 പോലെ]

വിഭാഗം- 2

അവിശ്വാസികളെയും, അവരുടെ ഭാവിയെയും കുറിച്ച് പലതും പ്രസ്താവിച്ചശേഷം- ക്വുർആന്റെ പതിവനുസരിച്ച്- സത്യവിശ്വാസികളെയും, അവരുടെ ഭാവിയെയും കുറിച്ച് പറയുന്നു:-

إِنَّ ٱلْمُتَّقِينَ فِى ظِلَٰلٍ وَعُيُونٍ ﴿٤١﴾

《41》 നിശ്ചയമായും, സൂക്ഷ്മതയുള്ളവർ ചില (മഹത്തായ) തണലുകളിലും, ഉറവുജലങ്ങളിലുമായിരിക്കും;

وَفَوَٰكِهَ مِمَّا يَشْتَهُونَ ﴿٤٢﴾

《42》 അവർ ഇച്ഛിക്കുന്ന തരത്തിലുള്ള പഴവർഗങ്ങളിലുമായിരിക്കും (കഴിഞ്ഞുകൂടുക)

كُلُوا۟ وَٱشْرَبُوا۟ هَنِيٓـًٔا بِمَا كُنتُمْ تَعْمَلُونَ ﴿٤٣﴾

﴾43﴿ നിങ്ങള്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നത് നിമിത്തം, നിങ്ങള്‍ മംഗളമായി തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിന്‍! (എന്ന് പറയപ്പെടും)

إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ﴿٤٤﴾

﴾44﴿ നിശ്ചയമായും, അപ്രകാരമത്രെ നാം സുകൃതവാന്‍മാര്‍ക്ക് പ്രതിഫലം കൊടുക്കുന്നത്.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٥﴾

﴾45﴿ അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവര്‍ക്കായിരിക്കും.

അവിശ്വാസികളെ അല്ലാഹു താക്കീത് ചെയ്യുന്നു:-

كُلُوا۟ وَتَمَتَّعُوا۟ قَلِيلًا إِنَّكُم مُّجْرِمُونَ ﴿٤٦﴾

﴾46﴿ നിങ്ങള്‍ അല്‍പം (കാലം) തിന്നുകയും സുഖമനുഭവിക്കുകയും ചെയ്തുകൊള്ളുക;- നിശ്ചയമായും, നിങ്ങള്‍ കുറ്റവാളികളാകുന്നു!

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٧﴾

﴾47﴿ അന്നത്തെ ദിവസം (മഹാ) നാശം, വ്യാജമാക്കുന്നവര്‍ക്കാകുന്നു.

﴾**41**﴿ إِنَّ ٱلْمُتَّقِينَ നിശ്ചയമായും സൂക്ഷ്മതയുള്ളവര്‍, ഭയഭക്തന്‍മാര്‍ فِى ظِلَٰلٍ ചില നിഴലു (തണലു)കളിലായിരിക്കും وَعُيُونٍ ഉറവുജലങ്ങ (അരുവിക)ളിലും ﴾**42**﴿ وَفَوَٰكِهَ പഴവര്‍ഗങ്ങളിലും مِمَّا യാതൊരു തരത്തിലുള്ള يَشْتَهُونَ അവര്‍ ഇച്ഛിക്കുന്ന, ആശിക്കുന്ന ﴾**43**﴿ كُلُوا۟ നിങ്ങള്‍ തിന്നുവിന്‍ وَٱشْرَبُوا۟ കുടിക്കുകയും ചെയ്യുവിന്‍ هَنِيٓـًٔا മംഗളമായിട്ട് (ആനന്ദത്തോടെ) بِمَا كُنتُمْ നിങ്ങളായിരുന്നതു നിമിത്തം تَعْمَلُونَ പ്രവര്‍ത്തിക്കും ﴾**44**﴿ إِنَّا كَذَٰلِكَ നിശ്ചയമായും നാം അപ്രകാരം نَجْزِى നാം പ്രതിഫലം നല്‍കുന്നു ٱلْمُحْسِنِينَ സുകൃതവാന്‍മാര്‍ക്ക്, നന്മ ചെയ്യുന്നവര്‍ക്ക് ﴾**45**﴿ [15 നോക്കുക] ﴾**46**﴿ كُلُوا۟ തിന്നുകൊള്ളുവിന്‍ وَتَمَتَّعُوا۟ സുഖം (അനുഭവം) എടുക്കുകയും ചെയ്യുവിന്‍ قَلِيلًا അല്‍പം കുറച്ച് إِنَّكُم നിശ്ചയമായും നിങ്ങള്‍ مُّجْرِمُونَ കുറ്റവാളികളാകുന്നു ﴾**47**﴿ [15 പോലെ]

ഓരോരുത്തന്നും നിശ്ചയിക്കപ്പെട്ട തുച്ഛമായ ആയുഷ്കാലം തീരുന്നതുവരെ നിങ്ങൾക്കിവിടെ യഥേഷ്ടം വിഹരിക്കാം. പക്ഷേ, നിങ്ങളുടെ ഭാവി ഭയാനകമാണെന്ന് ഓർത്തുകൊള്ളുക എന്ന് സാരം. ഇവർ ഇത്രയും കടുത്ത പാപികളായിത്തീരുവാൻ കാരണം അല്ലാഹുവിനെ അനുസരിച്ചുകൊണ്ട് അവന് താഴ്മകാണിക്കുവാനും, അവന്റെ മുമ്പിൽ കുമ്പിട്ട് നമസ്കാരം ചെയ്യാനും അവർ വിസമ്മതിച്ചതാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

وَإِذَا قِيلَ لَهُمُ ٱرْكَعُوا۟ لَا يَرْكَعُونَ ﴿٤٨﴾

﴾48﴿ 'നിങ്ങൾ കുമ്പിടുവിൻ' എന്ന് അവരോട് പറയപ്പെട്ടാൽ അവർ കുമ്പിടുന്നതല്ല.

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٩﴾

﴾49﴿ അന്നത്തെ ദിവസം (മഹാ) നാശം വ്യാജമാക്കുന്നവർക്കാകുന്നു.

فَبِأَىِّ حَدِيثٍۭ بَعْدَهُۥ يُؤْمِنُونَ ﴿٥٠﴾

﴾50﴿ എനി, ഇതിന് [ക്വുർആന്] ശേഷം ഏതൊരു വർത്തമാനത്തിലാണ് അവർ വിശ്വസിച്ചേക്കുന്നത്?!

﴾48﴿ وَإِذَا قِيلَ പറയപ്പെട്ടാൽ, പറയപ്പെടുമ്പോൾ لَهُمُ അവരോട് ٱرْكَعُوا۟ നിങ്ങൾ കുമ്പിടുവിൻ, റുകൂഉ് ചെയ്യുവിൻ (നമസ്കരിക്കുവിൻ) لَا يَرْكَعُونَ അവർ കുമ്പിടുകയില്ല ﴾49﴿ [15 പോലെ] ﴾50﴿ فَبِأَىِّ حَدِيثٍ എനി ഏത് വർത്തമാനത്തിലാണ്, വിഷയം കൊണ്ടാണ് بَعْدَهُۥ ഇതിനുശേഷം, ഇതിന് പുറമെ يُؤْمِنُونَ അവർ വിശ്വസിക്കുക

ركوع (റുകൂഉ്) എന്ന വാക്കിന് 'കുമ്പിടുക, തലകുനിക്കുക, താഴ്മ കാണിക്കുക, ഭക്തി ചെയ്യുക, നമസ്കരിക്കുക' എന്നൊക്കെ അർത്ഥം വരാം. നമസ്കാരകർമത്തിൽ കുമ്പിട്ട് ചെയ്യുന്ന ഭാഗത്തിന് സാധാരണയായി 'റുകൂഉ്' എന്ന് പറഞ്ഞുവരുന്നു. നമസ്കാരകർമത്തെ ഉദ്ദേശിച്ചു 'സുജൂദ്' എന്ന പറയാറുള്ളതു പോലെ റുകൂഉ് എന്നും പറയാറുണ്ട്. ചുരുക്കത്തിൽ, അല്ലാഹുവിന്റെ മുമ്പിൽ തല കുനിക്കുവാനും അവനെ ആരാധിച്ചു കീഴ്പെടുവാനും അവർ തയ്യാറില്ല. ഗർവും അഹംഭാവവുമായി കഴിയുകയാണ്. ഇത്രയും വ്യക്തവും യുക്തവുമായ ഉപദേശങ്ങളും താക്കീതുകളും ലഭിച്ചുകൊണ്ടിരുന്നിട്ടും ഈ ക്വുർആനിൽ വിശ്വസിക്കുവാൻ അവർ കൂട്ടാക്കുന്നില്ല. എന്നിരിക്കെ എനി ഏതൊന്നിലാണ് അവർ വിശ്വസിക്കുവാൻ പോകുന്നത്?! എന്ന് താൽപര്യം.

ഇമാം അഹ്മദ്, അബൂദാവൂദ്, ഹാകിം (റ) മുതലായ മഹാൻമാർ അബൂഹുറയ്റഃ (റ)യിൽ നിന്ന് നിവേദനം ചെയ്ത ഒരു നബിവചനത്തിന്റെ ചുരുക്കം

ഇപ്രകാരമാകുന്നു: 'സൂറ:'വത്തീനി'ഓതി അവസാനിക്കുമ്പോൾ, ഓതുന്നവർ بلى وأنا على ذلك من الشاهدين (അല്ലാതേ! ഞാനും അതിന് സാക്ഷിയാണ്.) എന്ന് പറയണം. സൂഃ ക്വിയാമത്ത് അവസാനിക്കുമ്പോൾ അവൻ بلى (അല്ലാതേ!) എന്നും പറയണം. സൂഃ വൽമുർസലാത്തി ഓതി അവസാനിക്കുമ്പോൾ آمنا بالله (ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു.)'എന്നും പറയണം.

ഈ സൂറത്തുകളുടെ അവസാനത്തെ വചനങ്ങളിൽ അടങ്ങിയ ചോദ്യങ്ങൾക്ക് മറുപടിയെന്നോണമത്രെ ആ വാക്കുകൾ പറയുവാൻ നബിﷺ കൽപിക്കുന്നത്. ഓരോ വചനത്തിന്റെ ഉള്ളടക്കവും, മറുപടിയുടെ സാരവും നോക്കുമ്പോൾ അത് വ്യക്തമാകുന്നതാണ്. മാത്രമല്ല, ക്വുർആൻ പാരായണവേളയിൽ, സന്തോഷവാർത്തകൾ കാണുന്നിടത്ത് അല്ലാഹുവിനോട് അതിനുവേണ്ടി പ്രാർത്ഥിക്കലും, ഭയവാർത്തകൾ കാണുന്നിടത്ത് അല്ലാഹുവിനോട് അതിൽനിന്ന് രക്ഷതേടലും ആവശ്യമാകുന്നു. ഈ ഒടുവിലത്തെ വചനത്തിൽ കാണുന്നതുപോലെ ചോദ്യരൂപത്തിലുള്ള വചനങ്ങൾ പാരായണം ചെയ്യുമ്പോൾ വിനയപൂർവം അതതിന് യോജിച്ച മറുപടി വാക്യങ്ങൾ പറയുന്നതും നന്നായിരിക്കും. നബിﷺയുടെ ചര്യകൾ പരിശോധിക്കുമ്പോൾ കാണാവുന്ന മര്യാദകളാണ് ഇവയെല്ലാം. والله الموفق

آمنا بالله وبما أنزل وصدق الله وبلغ رسوله ونحن على ذلك من الشاهدين ولله الحمد والمنة